കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പിറവം നഗരസഭ ചെയർമാന്റെ ഔദ്യോഗിക വാഹനം ഓടിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ നിയമിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1295/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 08.05.2018.

വായന:- 1. 25/10/2017 ലെ സ.ഉ(സാധാ) നം.3400/17/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2. 06/11/2017 ലെ സ.ഉ(സാധാ) നം.3579/17/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

3. പിറവം നഗരസഭാ ചെയർമാന്റെ 01/03/18 ലെ കത്ത്.

4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/03/18 ലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.76

## ഉത്തരവ്

മുകളിൽ വായിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം പിറവം നഗരസഭാ ചെയർമാന് ഔദ്യോഗിക വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ വാഹനം ഓടിക്കുന്നതിന് ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് മുകളിൽ വായിച്ച കത്ത് പ്രകാരം പിറവം നഗരസഭാ ചെയർമാൻ അപേക്ഷിച്ചിരുന്നു..

2) മുകളിൽ നാലാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്മിറ്റിയുടെ 4.76-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പിറവം നഗരസഭ ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിന് വാഹനം വാങ്ങുന്ന മുറയ്ക്ക് ആയത് ഓടിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ നിയമിക്കുന്നതിന് അനുമതി നൽകിയും നിലവിലുള്ള നിരക്കിൽ വേതനം നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചെയർമാൻ/സെക്രട്ടറി, പിറവം നഗരസഭ

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ